# സംതൃപ്തി

ഇനി ഞാനുറക്കനെപ്പാടാം ഭദ്രേ,
മനമലിയിച്ചിടും ഗീതം.
മഴമുകിലാണ്ടുകിടപ്പൂ വാന-
മാലട്ടിപോലവേ, സത്യം.
സരളമെൻ ഭാവനാകാശം പക്ഷേ
ശരദഭ്രരഞ്ജിതമല്ലേ?
ശരദഭ്രമാലയിലെല്ലാം നിന്റെ
ചിരി വെള്ളിപൂശുകയല്ലേ?
പുരളുമാ വെള്ളിവെളിച്ചം വന്നെൻ
കരളിനെപ്പുൽകുകയല്ലേ?
കരളിലന്നേരമഭൗമാനന്ദ-
ത്തിരയിളകീടുകയല്ലേ?
ഇളകും തിരയിൽ നിന്നേതോ ദിവ്യ-
പുളകങ്ങളൂറുകയല്ലേ?
പുളകങ്ങളൂറിയെന്നാത്മാവാകെ-
പ്പുതുദീപ്തി പൂണ്ടതുമില്ലേ?
ഇനി ഞാനുറക്കനെപ്പാടാം ഭദ്രേ,
മനമലിയിച്ചിടും ഗീതം.

# വാടാത്ത താമരയും കെടാത്ത സൂര്യനും

ഒളിചിതറിടുമൊരു പുലരിയിൽ ഞാനാ
വാപീതീരം പൂകി;

കുളിയാരംഭിച്ചിടവേ പൊന്നല-
മാലകളിളകീ ചൂഴെ.

കുളിരുന്മേഷമൊഴുക്കീ മാമക-
സിരയിൽ, മൃണാളത്തുമ്പ-

ത്തിളകിയരാളതരംഗാലിംഗിത-
പങ്കജമൊന്നെൻ മുന്നിൽ.

അല്പവികസ്വരമിഴിയൊടെ, നീങ്ങു-
മുറക്കത്തൊടുമാപ്പുഷ്പം

നില്പു വിഭാതസ്നാനാർത്ഥിനിയാ-
മായതലോചനപോലെ.

പൂഷാവാൽത്തറപുക്കൊരു നാടൻ-
കമിതാവെന്നകണക്കെ-

പ്പുഷ്യദ്രാഗവിമഥിതകപോലമൊ-
ടൊളികണ്ണിട്ടും നിൽപ്പൂ.

അന്നു മടങ്ങും വേളയിലെന്നുടെ–
യന്തഃകരണം പാടീ:

എന്നേ നരരുടെയുൾക്കണ്ണിനെയീ–
പ്രാകൃതഭംഗി വിടർത്തീ?

ൟൟൟ
അക്ഷരമാലകളില്ലാത്തവരും
നഗ്നരുമായിക്കാടി–

ന്നത്യയപൂർണ്ണതമസ്സിൽത്തമ്മില–
ടിച്ചുമിളിച്ചും വാഴ്കെ,

നരരക്തേച്ഛയിലകറും ഹിംസ്രമൃ–
ഗങ്ങളൊടേറ്റും തോറ്റും

കുരുവിയെ മാനിനെ മയിലിനെ നിമിഷം
കേട്ടും കണ്ടും നില്ക്കെ,

കാലടിവെപ്പാലൊടിയും ചെടിയുടെ
പൂവിൻ തൂമണമേറ്റി–

ട്ടേലും വിസ്മയമൊരുഞൊടി ദൃഷ്ടിത
ടങ്ങളിൽ നിന്നുതുടിക്കെ,

ഫണവുമുലച്ചരികേയ്ക്കിഴയും കൊടു
വിഷധരമുഖ്യനെ നോക്കി–

പ്പളപളെ നിന്നുചിരിക്കെ,ക്കൊത്തും
മുമ്പു കടന്നുപിടിക്കെ,

ആദികിരാതരപക്വാമിഷഫല–
ജലഭുക്കുകളിടിമിന്നും
നാദം കേട്ടു വിറയ്ക്കെ,ക്കത്തുമ–
രണ്യം കണ്ടുപകയ്ക്കെ,

കാടുപിടിച്ചു പരന്നുമുയർന്നും
നിന്ന ഗഭീരാശ്വത്ഥ–

പ്പോടിലരക്ഷിതമാനുഷഹൃദയ–
പ്രാർത്ഥന ചെന്നുലയിക്കെ,

പലകുറി വിത്തുപിളർന്നൂ മുളകളു–
യർന്നൂ കൂമ്പുവിരിഞ്ഞൂ,

പലകുറി മൊട്ടുകളലരായ്ക്കനിയായ്
വിത്തുകളായും തീർന്നൂ.

പലരെത്തിന്നുമുടിച്ചൂ നരിയും
പുലിയും ഹരിയും, വേറെ–

പ്പല ദീർഘായുഷ്മാന്മാരിരുളിൽ–
ത്തപ്പിനരച്ചേ മണ്ണായ്.

അങ്ങനെ ദുർഭഗവിധിതന്നമ്പഴ–
ഫലമേ തിന്നു തമസ്സിൽ–

ത്തങ്ങടെ വീക്ഷണമുനകളെ രാവി–
ക്കൂർപ്പിച്ചാഴ്ത്തിയിരിക്കെ,

മൃത്തായ് മാറിയ പുരുഷാന്തരശൃം–
ഖലയുടെ നരമുടിയെല്ലാ–

മൊത്തു തനൂജപ്രജ്ഞയിലൊരു നറു–
നാട്ടുവെളിച്ചം വീശീ.

കല്ലുകളുരസീ, തീയുണ്ടാക്കി,
ശീതമകറ്റീ, തീർത്തു

കന്മഴു, ഗുഹയും കണ്ടുപിടിച്ചൂ,
ചുട്ടുഭുജിച്ചൂ മാംസം.

ഊഊഊ

അന്നാണൊ,രുരാവറുതിപ്പൊട്ടനു–
ദിച്ചിട്ടിത്തിരിയാകെ

കണ്ണുമിഴിച്ചൊരു ഗുഹയിലെണീറ്റൂ
തരുണകിരാതരിലേകൻ.

പച്ചിലമർമ്മരമൊഴുകീടുന്നൂ,
കിളി പാടുന്നൂ ദൂരെ,

പക്ഷ്മളമിഴിയാളേക തളർന്നു ശ–
യിപ്പൂ സസുഖം ചാരെ.

ആരിവൾ? ഇവളെത്താങ്ങിയുറക്കിടു–
മഞ്ജനശിലയോ മേലേ

ചാരുതകൊണ്ടീ,ശ്ശിലമേൽച്ചായും
നീലപ്പൂവുടലാളോ?

തന്നുടെ രോമക്കുഴികളിലാകവെ
മാനം മുട്ടും മുള്ളൻ–

പന്നികണക്കെത്തിമിരം നിശിതവി–
ഷജ്വരമാഴ്ത്തിയപാടേ,

തരുനിര ചീറിവിറയ്ക്കെ, ത്തന്നുടെ
പല്ലുകൾ തമ്മിലടിക്കെ,
താരകൾ പാടലമായിവിറയ്ക്കെ,
ബ്ഭീകരമിപ്പോം രാവിൽ,

തലയുടെ മീതെപ്പൊടിമഞ്ഞുള്ളിൽ
ത്തീയും പേറി ക്ഷീണി–

ച്ചലയും താനീ മടയിലകാരണ
മെത്തുപെടാനിടയാകെ,

തടമുല തൻവിരിനെഞ്ചിലുടക്കി
ദൃഢകരബന്ധമിണക്കി–

ച്ചുടുകനലുമ്മകളേകിശ്ശരണം
തന്നവളാണിവളല്ലോ!

ആരിവൾ? ചുരുളൻ ചിടമുടിചിന്നിയു–
റങ്ങുകയല്ലോ കല്ലിൽ

ചാരുത, നിഷ്കളസൗമ്യത, നിഭൃതാ–
ശ്വസ്തത, തന്നുടെ ചാരെ.

അവളേൽക്കുംവരെ, നോവും നൂതന–
മധുരസമാധിയിലാണ്ടാൻ

അനുനിമിഷം കനമേറിവരുന്നോ–
രശ്രുകണക്കാക്കാടൻ.

ഊഊഊ

വെളിയിലിറങ്ങീ; ചുമലൊടു ചുമലും
കൈയൊടു കൈയും ചേർത്തുൽ–

പുളകം ഹിമവലയിതമാം കാല്യ–
ച്ചെറുചൂടേറ്റു നടന്നൂ;

പായൽപരന്നോരബ്ജതടാക–
ക്കരയിലുരുമ്മിയിരുന്നൂ

പാഷാണോപരി; കാലടികൊണ്ടോ,
ചപ്പിളികൊട്ടീ നീരിൽ.

കരളിനുകോടിച്ചിറകുണ്ടായെ–
ന്നന്നവരോർത്തു, വിണ്ണിൽ–

പ്പറവകൾ ചിന്തും പാവനകീർത്തന–
ശൈലികളെച്ചെവിടോർത്തു.

രുചിരസ്വപ്നം മാതിരിമിന്നും
വാരി കുടന്നക്കൈയിൽ–

ക്കോരിത്തെല്ലിട നോക്കിയിരുന്നൂ;
പിന്നെദ്ദാഹം തീർത്തൂ.

പുഞ്ചിരിതൂകിയസംസ്കൃതമായ നി–
രങ്കുശഭാഷയിലെന്തോ

കൊഞ്ചീ ചിത്രമുദാത്തവുമനുദാ–
ത്തവുമാം ശാരീരത്തിൽ.

ഇണചേർന്നിട്ടുണ്ടിരുവരുമാരോ–
ടെല്ലാം? എന്നാലിമ്മ–

ട്ടനുഭവമറിവായിട്ടില്ലല്ലോ
പോയ വയസ്സിന്നുള്ളിൽ!

തലനാർക്കോടിവരെ നീന്തുകയല്ലോ
പരമാണുക്കളിലെല്ലാം

അലഘുവൊരീറൻനീറ,ലജ്ജയ്യവി–
ഷാദവിലീനാനന്ദം!

പണ്ടറിവുള്ള മുഖങ്ങളിലൊന്നും–
തന്നെ വിമോഹനമല്ലീ–

ക്കണ്ടതിനൊളമെന്നന്നവരൊന്നും–
കൂടിച്ചേർന്നിറുകുമ്പോൾ

പരിശോധിച്ചാരിണയുടെ മെയ്യിൻ
വളവും ചെരിവും കയ്യാൽ–

ക്കരളാൽക്കണ്ണാൽ ശ്വാസം വാപീ

ജലതലസദൃശം നില്ക്കെ,

വേനലിലുച്ചയ്ക്കതിരില്ലാത്തൊരു
മരുഭൂപറ്റിയ ദീന–

പ്രാണികൾ കാണാനിടയാം ലവണജ–
ലത്തിനെയെന്നതുപോലെ,

കോരിയശിച്ചാരത്രയ്ക്കത്രത–
പിച്ചുപെരുക്കും തൃഷ്ണാ–

ഭാരത്തോടവരിണയുടെ ചകിരി–
ക്കുഴലും, കരിമീൻകണ്ണും,

കല്ലുളിപോലാം ചിബുകം, തെങ്ങോ–
ലപ്പൊളിപോലാം ഫാലം,

ഫുല്ലജപാപുഷ്പംപോലാം ചെവി,
തൊണ്ടിപ്പഴമെതിർചുണ്ടും,

പുഞ്ചിരിചൊരിവോരീഷന്നീല–
ത്തെളിവെൺപലകപ്പല്ലും,

നെഞ്ചിൻ വിരിവും, ജാനുവിലോളം
നീണ്ട പരുക്കൻ കയ്യും,

കീലകുലംപോലൊട്ടു ചുവപ്പാം
തൊപ്പകൾ, നീണ്ട നഖങ്ങൾ,

താലതരുക്കളെയോർപ്പിക്കും ദൃഢ
പരുഷായതമാം മെയ്യും.

ഒടുവിൽത്തമ്മിലലച്ചുപുണർന്നു മ–
റന്നു തളർന്നാരാഴി–

ക്കരയിൽത്തിരപോൽ ശ്വാസപരമ്പര
കുതറിച്ചുണ്ടിലടിക്കെ.

മാനവവംശമഹാസംസ്കൃതികഥ–
മറ്റൊരു വികസിതരൂപം

പൂണുമനന്തരസർഗ്ഗാരംഭ–
പ്രോജ്ജ്വലഗാനംപോലെ,

സ്ഥലകാലങ്ങളിലൂടെ വിദൂരവി–
ദൂരതലങ്ങളെ നോക്കി

ചലനിശ്ചലവസ്തുക്കളിലാകെ–
ശ്ശാശ്വതപുളകമിണക്കി

പാരിലുമൃക്ഷഗണത്തിലുമഭിനവ–
ദീപ്തിവിശേഷമൊഴുക്കി

പായും മൂകമനോഹരമാമൊരു
പാവനഗാനംപോലെ,

കാമിനി ചൂണ്ടിക്കാട്ടി, ''നീയാ–
ബ്ബാലാരുണനെപ്പോലെ!''

കാമി തുടർന്നൂ, ''നീയിപ്പുളയും
ചെന്താമരമലർപോലെ!''

ഊഊഊ

എത്ര തണുപ്പൻഹേമന്തത്തെ
ദൂരെയകറ്റീലെന്നി–

ട്ടെത്ര വിയർപ്പു കുടിക്കും വേനൽ
ക്കാലങ്ങളെയും കാലം

ഇരുപുറമുദയാസ്തമയത്തൂവലു–
യർന്നാൽപ്പകലും താണാ–

ലിരവും വരുമാറക്ഷീണോൽബണ–
പക്ഷനിപാതംമൂലം!

ഉൽബ്ബണമാമാച്ചിറകിൻ വത്സല–
നിഴലത്തല്ലോ മെല്ലേ

നിർഭയമായിത്തീർന്നു വളർന്നേ
വന്നു മനുഷ്യചരിത്രം!

കല്ലുളികൊണ്ടു നുറുക്കിയ മാംസം
കായ് കനി മൺപാത്രത്തിൽ

കരിയിലകൂട്ടിയ തീക്കടെ വേവി
ച്ചുണ്ടും, പറ്റം ചേർന്നും,

ചീരമുടുത്തും, പച്ചിലമാടം
തീർത്തുവസിച്ചും, വൃക്ഷം–

കേറിത്തേനടചീന്തിയെടുത്തു ഭു–
ജിച്ചും, കാടു ഭരിച്ചും,

പാലാമമൃതു ചുരത്തും പൈക്കളെ
യാരാധിച്ചും, മേച്ചും,

താഴ്‌വരതോറുമലഞ്ഞും, പാടിയു,
മാടിയു,മങ്ങനെ വാഴ്കെ,

പാത്രം പണിയാൻ മാന്തിയ മണ്ണിലി
രുമ്പും പൊന്നും ചെമ്പും

പാർത്തൂ നര,രാപ്പാത്രങ്ങളിലോ
കലയുടെ വല്ലികൾ പൂത്തു.

പ്രകൃതിഭയാകുലനൊരുവനു തോന്നീ:
മൺപാത്രത്തെപ്പോലെ

പ്രകടവിഷാദാധീനം നശ്വര–
മാണീ മർത്ത്യശരീരം.

ചിന്തകളുരസിച്ചെന്നൂ, സൃഷ്ടി
സ്ഥിതിലയകാരണമായി–

ട്ടെന്തോ കേവലതത്വത്തെച്ചിലർ
കണ്ടതുപോലെത്തോന്നീ.

താഴ്‌വരയിൽപ്പടുകാടുകൾ കൊത്തി,
പ്പുഴയുടെ പച്ചപ്പള്ളം

താവളമാക്കി, ക്കൃഷിചെയ്തും, ജല
സേചിതമാം കൃഷിചെയ്തും,

ജനത വസിച്ചിട്ടിതളുകളായി വി–
ടർന്നൂ നാട്ടുപുറങ്ങൾ,

ജനത രചിച്ചിട്ടല്ലികളായി–
പ്പട്ടണപംക്തിയുയർന്നൂ.

കലയുടെ ദിവ്യക്ഷേത്രമുണർന്നൂ,
ജീവിതചേതനയൊട്ടു–

ക്കലഘുതരദ്രുതതാളസ്വരവില–
യിതമായ് മാറുകയായീ.

കടലിൽക്കരയിൽച്ചിലർ തൂവിയ നെടു–
വീർപ്പും നിണവും വേർപ്പും

ചുടുകണ്ണീരും ശിഖയും നഖവും
മാംസവുമെല്ലും പല്ലും

നവരത്നാവലിയായീ; തദ്യുതി
ലഹരിയിൽ വാനിൽക്കണ്ടൂ

നവരത്നാവലി നേടിത്തന്ന ന–
വഗ്രഹചക്രംകൂടി.

അതിരുകൾ വീണൂ ഭൂമിക്ക,മൃതക–
രാഭയിലവിടെപ്പെയ്തൂ

കഠിനസ്മിതമസിതാസിത്തുമ്പുകൾ
നരിയുടെ കണ്ണുകൾപോലെ,

അതിരുകളെപ്പലർ വന്നു തിരുത്തീ
ജനരുധിരങ്ങളിൽ മുങ്ങി–

ക്കുതിരും ചെങ്കോലുകളാൽ, ആകെ–
ക്കലുഷിതമായീ ഭൂമി.

അറിവൊരു വാമനനായ്, മണ്ണെണ്ണ, സെ–
മെന്റും, വെടിയുപ്പും, കൽ–

ക്കരി, റേഡിയവും, ടാറും, വിദ്യു–
ത്ത,ണുവും നേടി വളർന്നൂ.

ഊഊഊ

ഞാനാലോചിക്കുകയാം: ചെന്താ–
രെത്ര വിരിഞ്ഞൂ പിന്നെ

ഞായറിൽനിന്നേ നീണ്ട സരാഗക–
രാവലിതൻ ചെറുചൂടാൽ?

എത്ര കവീന്ദ്രന്മാരതു പാടി–
ത്തങ്ങടെ കാലം കാണും

മർത്ത്യപ്രേമകഥാഹൃദ്രുതിയെ
വ്യഞ്ജിപ്പിച്ചും തീർന്നൂ?

എന്നാലിന്നും നൂതനശോഭാ–
മഞ്ജുളമായേ കാണാ–

യെന്നുടെയന്തർന്നേത്രങ്ങൾക്കാ

രാഗകഥാമൃതമെന്തേ?

**3**

അന്നുമടങ്ങിവരുമ്പോ,ളെന്നെ–
ത്തേടിപ്പടിവരെ നീളും

കണ്ണിലൊരുൽകണ്ഠവ്യഥ ചുണ്ട–
ത്തൽപ്പസ്മിതവും ചൂടി,

മഷിയെഴുതും മുമ്പീ,റൻനീല–
ച്ഛായലൊതുക്കിച്ചീകി–
പ്പുതുമലർ ചൂടും മുമ്പേ, ചാന്തും
ചന്ദനമണിയും മുമ്പേ,

ഈറനുടുപ്പു വിഴുക്കും മുമ്പേ,
കരിയും നീറും പറ്റി,

താരുടൽ വാടി,ത്തീച്ചൂടേല്ക്കെ–
പ്പൊടിവേർപ്പുകളും മുറ്റി,

''ചായ തണുത്തേ പോയെ''ന്നുള്ളൊരു
കുണ്ഠിതമോടെന്നോമൽ–

പ്രേയസി നിൽപ്പൂ വാതിൽപ്പഴുതിൽ;
കുതിരുന്നൂ മമ നോട്ടം.

അറിവൂ ഞാനാദ്ദുർബ്ബലനിമിഷാ–
ഘാതം മൂലം: പൊൽത്താ–

രരുണന്മാരേ, നിങ്ങടെ രാഗം
നിത്യാകർഷകമത്രേ

പൂർണ്ണതപൂണാനുഴറി യുഗങ്ങളി–
ലൂടെയൊലിക്കും മർത്ത്യ–

പ്രാണനിലാലക്തികമാം ദിവ്യ–
മഹത്വം നിലനിൽപ്പോളം.

# പരഭാഗഭംഗി

*പുരുഷൻ:*

വട്ടൊളിമെയ്യാളേ, ശക്തമെൻമാറെല്ലി–

ലൊട്ടിക്കിടന്നിടുമോമലാളേ,
സമ്മോദനിർമ്മഗ്നയാക നീ: നാളേയ്ക്കു
നമ്മൾക്കും കുഞ്ഞു പിറക്കുമല്ലോ.

*സ്ത്രീ:*

വേറിട്ടെടുക്കരുതാത്തമട്ടന്യോന്യം
ചേരുന്നിതസ്മന്നിണകണങ്ങൾ;
സ്പന്ദിക്കയും ചെയ്വൂ നൂതനസംയുക്ത–
ബിന്ദുവിൽജ്ജീവൽസ്ഫുലിംഗകങ്ങൾ.

*പുരുഷൻ:*

ആവർത്തിച്ചീടുകയാവാമീത്തുള്ളിയി–
ലാദാമിന്നുണ്ടായ രോമഹർഷം.

*സ്ത്രീ:*

അല്ലെങ്കിൽ വിങ്ങിത്രസിക്കുകയാവണ–
മവ്വതന്നൂഷ്മളോത്കണ്ഠഭാവം.

*പുരുഷൻ:*

കല്പാന്തവാരിതന്നൂർമ്മികളല്ലിതി–
ലുൽപ്പന്നമാവതെന്നാരു കണ്ടൂ?

*സ്ത്രീ:*

നാളെക്കറങ്ങേണ്ടും കൽപ്പചക്രത്തിനായ്
നാമ്പിടും ചൈതന്യമായിരിക്കും!

*പുരുഷൻ:*

പട്ടൊളിമെയ്യാളേ, ശക്തമെൻമാറെല്ലി–
ലൊട്ടിക്കിടന്നിടുമോമലാളേ,
എന്നിട്ടുമെന്നിട്ടും ‘ഞാ’നെന്നും ‘നീ’യെന്നു–
മെന്തിനീക്കേവലമുക്തിഭേദം?

*സ്ത്രീ:*

നാം തമ്മിലാവിധമോതാതിരുന്നാലും
നാം തമ്മിലാവിധമോതിയാലും
‘നമ്മി’ലിറുകി പ്രശോഭിച്ചു നിൽക്കുന്നു
നമ്മൾതന്നാന്തരപാവനത്വം.

*പുരുഷൻ:*

എങ്കിലന്യോന്യവിലീനരാം നമ്മളി–
ന്നെന്തിനാക്കള്ളം പറഞ്ഞിടുന്നു?
കാരാഗൃഹപ്രായമാമിശ്ശരീരത്തെ–
ക്കീറിപ്പറിച്ചു വലിച്ചെറിയാൻ
ആളായാലെത്ര നന്നീ,‘ഞാ’ നും ‘നീ’യും വ–
ന്നാളുകയില്ലല്ലോ പിന്നെ ‘നമ്മി’ൽ?

*സ്ത്രീ:*

ശോഭനാത്മാവേ, ഞാൻ വേദനക്കൊള്ളുന്നു,
ഹാ, ഭവാനീവിധം ചൊല്ലരുതേ!
ഈ മാംസനിഷ്ഠമാം ജീവിതമില്ലെങ്കി–
ലീ മാംസനിഷ്ഠമാം രക്തമുണ്ടോ?
രക്തമില്ലെങ്കിൽസ്സമുജ്ജ്വലിച്ചീടുമോ
രക്തത്തിലസ്മന്മമത്വശക്തി?
ഇത്രയേ തത്ത്വം: ചുമരുകളില്ലെങ്കിൽ–
ച്ചിത്രം വരയ്ക്കുവാനാവില്ലല്ലോ.

*പുരുഷൻ:*

ദ്വൈതമില്ലെങ്കിലറിയുന്നു ഞാനു,മ–
ദ്വൈതം മുഴുത്ത വിഭ്രാന്തിമാത്രം.

# അപരാധി

ഇരവാണേ, കാന്തമാണാ, മണിയറയ്ക്കുള്ളി–
ലെരിവൂ സൗമ്യോദാരനിശ്ചലാകാരം ദീപം.

പാലൊളിക്കിടയ്ക്കമേൽച്ചായുന്നൂ ചെരിഞ്ഞെന്റെ
പാതിമെയ്യവളുടെ പാതിമെയ്യാമീ ഞാനും.

കൂരിരുൾച്ചുഴിക്കുത്തിലാ നിലവിളക്കിന്മേൽ
കൂമ്പിടും ശിഖ പുഷ്യരാഗമെന്നന്ധാളിക്കെ

നിഷ്പന്ദമെൻ നേത്രത്തിലുയർന്നൂ പിന്നെപ്പിന്നെ
നിർഭരവ്യഥാമന്ദധൂമിലമേതോ ചിത്രം.

ഭിത്തിമേൽ ഘടികാരം തുടിപ്പൂ നിതരാമെൻ
ഹൃത്തടംപോലെ ഭാവിഭാവിയെന്നനുമാത്രം;

വിറക്കൊൾകയും ചെയ്‌വൂ നേർത്തുനേർത്തെന്നാത്മാവൊ–
രരയന്നത്തൂവൽപോൽ ബ്ബലഹീനമുന്നിദ്രം.

സത്വരമമർന്നിതെൻ ചുണ്ടുകളെന്നാപന്ന–
സത്വതൻ പരിക്ഷീണസ്വേദിലനിടിലത്തിൽ!

2

തന്നുടേതായിട്ടുള്ളതെന്തുമേ സവിശ്വാസ–
മെന്നിലേ നിക്ഷേപിച്ചു ചോദിച്ചാളവളപ്പോൾ,

''ഇത്തിരി തലോടാമോ വയറ്റത്ത''കളങ്ക–
ചിത്തത്തിൻ മൃദുശ്വേതരശ്മികളൂറീ കണ്ണീൽ.

ശാന്തമെൻ മിഴിയിണ മെല്ലവേ പതിയുന്നൂ
താന്തയാമവളുടെ തികഞ്ഞ വയറിന്മേൽ:

അഗ്ഗർഭപാത്രത്തിങ്കൽക്കാലിളകുന്നൂ, കാണാ–
മൽപ്പമീലിതമെന്റെ കണ്ണിന്നാച്ചലനങ്ങൾ.

തടവായ്ത്തീരാമെന്നോ ജനനീജഠരവും
ശിശുവിന്നനുക്രമനിത്യമാം വികാസത്താൽ!

ഉച്ചത്തിൽക്കരയുവാൻ, വായുവിൽക്കാലിട്ടടി–
ച്ചുച്ഛ്വസിക്കുവാ,നമ്മതൻ മുലപ്പാലുണ്ണാനും

പൈതലിലൂറീടുന്നൂ ജീവവാസനയല്ലീ,
കൈതപ്പൂവിതൾകളിൽ സ്സൗരഭ്യപൂരംപോലെ!

പരിപേലവമായിപ്പരിശുദ്ധവുമായി
വിരിയും നവമാമിമ്മാനുഷ്യമുകുളത്തെ,

ആഭ്യന്തരാത്യുൽക്കൃഷ്ടശക്തിതന്നുത്സേകത്തെ,–
യാദ്യന്തവിഹീനോത്താളോൽബ്ബണവൈചിത്ര്യത്തെ

എങ്ങനെയാരാധിക്കും പൂരുഷൻ? അകന്നക–
ന്നിങ്ങനെ നില്പാനല്ലാതില്ലെനിക്കധികാരം.

3

ശാന്തമെൻ മിഴിയിണ പതിഞ്ഞൂ മെല്ലേ വീണ്ടും
താന്തയാം ഗൃഹിണിതൻ മോഹനവദനത്തിൽ.

അമ്മയ്ക്കു,കിടാവോരോ കുറിയും തുടിക്കെ, ത്ത–
ന്നുണ്മ വിസ്മൃതികൊണ്ടു നിഭൃതം മൂടിപ്പോകെ,

നാഡിയിലൊരായിരം മൊട്ടുസൂചികളായി–
പ്പീഡകൾ തറഞ്ഞേറിപ്പാഞ്ഞിടുമ്പോഴും പക്ഷേ

ഉദ്രസം വിടർന്നുപോയ്ച്ചുണ്ടുകൾ; എന്നാൽച്ചിന്താ–
മുദ്രിതമായും പോയിതപ്പൊഴേയ്ക്കവ വീണ്ടും –

അത്യഗാധവുമപാരവുമാം പാരാവാര–
ഹൃത്തിൽനിന്നിരച്ചെത്തിത്താണുപോം തിരപോലെ.

ഈറനാ,യലസമായ്ദ്ദീർഘമായകന്നുപോ–
മീക്ഷണങ്ങളിൽ നൃത്തം തത്തുകയാവാമിപ്പോൾ

വളരും കുഞ്ഞിന്റേതാം നിമിഷങ്ങളിലൊക്കെ–
ക്കിളരുമുൽകണ്ഠകളൂഷ്മളസംതൃപ്തിയും –

പൊട്ടിവീണുപോമിപ്പോളിപ്പോളെന്നിടിവെട്ടും
കട്ടിക്കാറണികളിൽത്തൂമിന്നൽപ്പിണർപോലെ.

ധീരമീ മഹാത്യാഗസുന്ദരയജ്ഞംമൂലം
സൂരനെക്കാളും ജ്യോതിർമ്മയിയായ്ത്തീരും സ്ത്രീയിൽ

എങ്ങനെ കൈവെയ്ക്കേണ്ടൂ കേവലം മണലിന്റെ
മങ്ങലുകൾക്കൊള്ളും ലജ്ജാവഹമാം പുരുഷത്വം?

**4**

''ഇത്തിരി തലോടാമോ വയറ്റത്തെ?–''ന്നിൽ പ്രേമ–
നിർഭരാപാംഗം നട്ടു ചോദിച്ചൂ സഖി വീണ്ടും.

''കർമ്മഭീരുവോ നീ?'' എന്നുച്ചത്തിൽച്ചിരിക്കുന്നൂ
ധർമ്മബോധാവേഗാതിതീക്ഷ്ണമാം മനസ്സാക്ഷി.

പവനോച്ചലിതമാം പുഷ്പത്തിലമൂല്യമാം
പവിഴംപോലേ മിന്നും മാരിത്തുള്ളികൾക്കൊപ്പം

എന്മിഴികളിലശ്രുബിന്ദുക്കളുതിരുന്നു;
നിർമ്മലം ശോഭിക്കുന്നുണ്ടപ്പൊഴും മണിദീപം.

സ്വർഗ്ഗത്തിന്നനുഗ്രഹകാന്തികളണിഞ്ഞെത്തി
സ്വപ്നങ്ങളാടീടുന്നൂ, കാറൊളിനിഴൽകളും.

അത്രമേൽ പ്രേമാമൃതസിക്തമായിട്ടെന്തെന്റെ
കൈത്തലം പരുഷമാണെന്നെഴുമിടരോടെ

മെല്ലെ ഞാൻ തലോടുന്നൂ പൂരുഷൻ, ചരിതാർത്ഥ–
ഫുല്ലഹാസയാമന്തർവ്വത്നിതന്നുദരത്തിൽ:

വിറക്കൊള്ളുമിക്കൈയിന്നപരാധത്തിന്നെന്റെ–
യരുമക്കുഞ്ഞിൻ സ്നേഹം മാപ്പുതന്നരുളട്ടെ!

# സ്ത്രീയും പുരുഷനും

ആട്ടുകട്ടിലിന്മേൽപ്പട്ടുമെത്തയിന്മേൽക്കിടന്നാടി–
പ്പാട്ടു മൂളീ ഞാനാ മൂകരജനിയിങ്കൽ;

തത്വചിന്താലീനനായീ; പിന്നെഗ്ഗഹനമാമൊരു
പുസ്തകത്തിലാണ്ടുമുങ്ങിക്കിടന്നു പാരം.

നേരമെത്ര കഴിഞ്ഞൂവെന്നറിഞ്ഞില്ല, വാതിലിന്മേ–
ലാരു നീക്കുമാരവം വന്നുണർത്തിയെന്നെ.

കാന്തിമത്സമുന്നതിയിൽ നീന്തും മുഗ്ദ്ധപതത്രിപോൽ
ക്കാലിൽക്കല്ലേറേറ്റെൻ ചിത്തം പതിച്ചൂ മണ്ണിൽ:

എനിക്കാ,യെന്നച്ഛനമ്മമാർക്കാ,യുടപ്പിറന്നോർക്കാ–
യനധ്യായമെന്നതെന്തെന്നറിഞ്ഞിടാതെ

പ്രാതസ്സന്ധ്യതൊട്ടിപ്പാതിരാവിലോളമടുക്കള–
ച്ചൂടണിവൂ ഗർഭിണിയാമെൻ പ്രിയപത്നി!

കാവ്യപാരംഗതമായി,ത്തത്വചിന്താലീനമായി,–
കാന്തഹൃത്തോ,വിഹരിച്ചൂ മുക്തനിർബ്ബാധം!

പൂരുഷനലസസുഖലോലുപൻ; അബല പക്ഷേ
ധീരത്യാഗബലിഷ്ഠയാം താപസിയല്ലി!

പാതിമെയ്യനുഭവിക്കും പീഡയെക്കണ്ടറിയാത്ത
പാപിയാം ഞാൻ ഞെളിയുന്നൂ വിശ്വനേതാവായ്!

**2**

കാറാണ്ട മന്മാനസികമേഖലയിൽ ക്ഷണത്താലേ
നീറും വെള്ളിമിന്നൽപ്പിണരുലഞ്ഞുപാളീ.

അസ്വസ്ഥൻ ഞാനെഴുന്നേറ്റാക്കോണികേറാനുദ്യമിക്കു–
മത്ഭുതപാവനത്വത്തെദ്ദർശിച്ചു നിൽക്കെ

ചീറും കാറ്റിലുണക്കപ്ലാവിലയായിത്തീർന്നൂ, ഘോര–
മാരിയിൽ മൺകട്ടയും ഞാനുദ്വിഗ്നസത്വൻ!

പീനജഠരവും താങ്ങിക്കോണിക്കൈയും പിടിച്ചുകൊ–
ണ്ടോരോരോ പടിയോരോ പടി ചവുട്ടീടുമ്പോൾ

ഓരോ മാത്ര നിലക്കൊണ്ടാളോരോ നെടുവീർപ്പും പറി
ച്ചൂരിക്കളവാനും വലിച്ചുൾക്കൊള്ളുവാനും.

നാഥദർശനത്താ,ലെന്നാൽ, ക്ലേശമുദ്രിതമാച്ചുണ്ടിൽ–
പ്പാതിമന്ദസ്മിതം മിന്നീ ദീനഗംഭീരം!

ആദിത്യസാമീപ്യത്തിങ്കൽ, മുൾപ്പടർപ്പിലാകിലാട്ടേ,
സാധിക്കില്ല ചെമ്പനീരിന്നിറുകി നിൽക്കാൻ!

ഒരു പിഞ്ചു കണ്ടകമെൻകാൽമടമ്പിൽത്തറഞ്ഞയ്യോ,
ശരണമറ്റക്ഷമം ഞാൻ കരഞ്ഞു മുന്നം;

ദീനയായി, ഗർഭഭാരഖിന്നയായിക്കഴിയുമീ
മാനിനിതൻ ഭാവമോ ഹാ, ശാന്തഗംഭീരം!

ചേറിലാണ്ടു തപം ചെയ്തു വാസരത്തെജ്ജാതമാക്കും
നീരലരിൻ കാലിൽത്തരിമണലീ ലോകം!

**3**

കോണികേറിക്കഴിഞ്ഞിട്ടെന്നശ്രുവർഷം തന്നുടുപ്പിൻ
കോന്തലയാലൊപ്പിക്കൊണ്ടേ ചോദിച്ചു സാധ്വി,

''കരയുവാനെന്തേ?'' ഞാനാസ്വരത്തിലെന്നമ്മയുടെ
പരമശാന്തിദസ്നേഹം തെളിഞ്ഞു കണ്ടൂ.

അത്രമാത്രമിളപ്പമാഗ്ഗർഭിണിക്കുണ്ടെന്നേക്കാളെ–
ന്നെത്രവട്ടമെന്നെപ്പിന്നീടടക്കിനിർത്തി!

എന്നിട്ടും ഞാനുത്തുംഗഹിമാചലസാനുവിലുള്ള
കുന്നിക്കുരുവിനെക്കാളും ചെറുതായ്പ്പോയീ!

ഈയധമബോധം പക്ഷേ, പൂരുഷാത്മാന്തരാളത്തിൽ–
ത്തൂവി നിഴലല്ലാ, നറുംകിരണമല്ലോ!

ആദികാലത്തവ്വതന്നചഞ്ചലസഹിഷ്ണുതയാ–
ലാദാമിലും കുരുത്തിട്ടുണ്ടെളിമ, പക്ഷേ,

പാടില്ലാത്ത ഫലംപറിച്ചുണ്ടതിലവന്നും പശ്ചാ–
ത്താപമല്ലുദിച്ചതെന്നു വിശദമല്ലോ?

## ജാതകർമ്മം

കുട്ടികളയ്യാ, നിർവൃതി പെയ്യും
കുട്ടികളല്ലോ ദൈവങ്ങൾ!''

സീമന്തപ്രിയസന്താനത്തെ
ക്കോൾമയിരോടെയെടുത്തപ്പോൾ

അച്ഛൻ കണ്ണിൻ കടകളിലൂതിരുമൊ–
രശ്രുവിലൂടെച്ചിന്തിച്ചു,

''കുട്ടികളയ്യാ, നിർവൃതി പെയ്യും
കുട്ടികളല്ലോ ദൈവങ്ങൾ!''

കരയും ശിശുവിൻ തളിരധരത്തിൽ–
ക്കാഞ്ചനമോതിരവക്കാലേ

മധുവും ദധിയും ഘൃതവും ചേർത്തതി–
മധുരസ്നേഹഭരത്തോടെ

മൂന്നുരു കോരിയൊഴിച്ചൂ താതൻ;
മൂകം ജനനി സമീക്ഷിച്ചൂ –

കരയാതായീ ശിശു പെട്ടന്ന,തി–
നറിയാം നൊട്ടി നുണയ്ക്കാനും!

നിത്യനിരങ്കുശമായാമോഹന–
ശക്തിവിശേഷമതീക്ഷിക്കേ

കണ്ണിൽപ്പൊടിയുമൊരശ്രുകണത്തിൽ–
ക്കണ്ടുപിടിച്ചാനന്നച്ഛൻ,

''കുട്ടികളയ്യാ, നിർവൃതി പെയ്യും
കുട്ടികളല്ലോ ദൈവങ്ങൾ!''

## വിഡ്ഢികൾ

വന്നെത്തീ കിടാവതിദീർഘമാം മാസം പത്താൽ,
പൊന്നിതൾച്ചെന്താർകണക്കൊരു സുപ്രഭാതത്തിൽ.

നമ്മളോ ഭദ്രേ, കണ്ണാൽക്കുടിച്ചേ നിന്നുംപോയീ
നമ്മുടേതെന്നാക്കുഞ്ഞിനെഞ്ചിലെ ശ്വാസോച്ഛ്വാസം.

ഇന്നിതാ പതിന്നാലാമന്തിയിൽ സ്പന്ദം താനേ
നിന്നുപോകുന്നൂ, വാടിവീഴുന്നൂ കൺപോളകൾ.

എങ്ങുനിന്നതു വന്നൂ, പോയതെങ്ങാ,രോ നാഥൻ,
എന്തിനോ നമുക്കുള്ളതെന്നു നാം വ്യാമോഹിച്ചൂ?

ഊഊഊ

അറിവുണ്ടായിട്ടില്ലാ മനുഷ്യർക്കിന്നും; കഷ്ടം,
ഞെളിവൂ ചരാചരസർവ്വാധിപത്യത്തോടെ.

കേവലം പുഴുക്കളാണേവരും: തേങ്ങിത്തേങ്ങി–
ക്കേഴുവാനല്ലാതെന്തിന്നാളാവും യഥാർത്ഥത്തിൽ?

വിഡ്ഢികളയ്യോ, തമ്പേറടിപ്പൂ സർവ്വം കയ്യിൽ–
ക്കിട്ടിയെന്നൊ,റ്റത്തലനാരുണ്ടോ മുഷ്ടിക്കുള്ളിൽ?

## ശൂന്യതയിൽ

മുകളിലപാരതയിങ്കൽനിന്നേതോ താരാ–
ശകലംപോലേ സാധുമർത്ത്യ, നിന്നുള്ളങ്കൈയിൽ

അവിചാരിതമടർന്നാപതിക്കുന്നൂ കുളി–
രലയാഴിയെത്തന്നിലേന്തിടും മഴത്തുള്ളി.

ഇളവെയ്ലേൽക്കെ,ബ്ഭിന്നവർണ്ണമാം കതിർത്തിര–
വലയങ്ങളാബ്ബിന്ദുവിങ്കൽനിന്നുത്ഭാസിക്കെ,

ഫേനിലം ചിരിക്കുമാക്കേവലവൈചിത്ര്യത്തിൽ
പ്രാണനെത്തുഴയില്ലാതിറക്കിപ്പോകുന്നൂ നീ.

ഊഊഊ

നിമിഷങ്ങളെപ്പോലാത്തുള്ളിയുമതിന്നുള്ളിൽ
നീഭൃതമൊഴുകും നിൻ പ്രാണനും വറ്റിപ്പോകെ,

വേറെയൊരപാരതയിങ്കൽനിന്നാവാം പക്ഷേ,
ഊറിവീഴുന്നൂ നിൻ കൈവെള്ളയിൽജ്ജലബിന്ദു.

ഒരു നാളിലും വറ്റിപ്പോകയില്ലെ; – ന്നാലതി–
ലൊഴുക്കാൻ നിനക്കുണ്ടോ വല്ലതും പൈക്കൂറയിൽ?

## അച്ഛൻ കൃതജ്ഞത പറയുന്നു

1

ഒരു വത്സരം പോയീ; ഞാനിന്നുമേകാന്തത്തി–
ലുരുകും സ്മൃതിയോടിങ്ങിരുന്നു സന്ദർശിപ്പൂ,

കണ്ണുനീർ തൂവിത്തൂവിച്ചുവന്ന കവിളോലും
കർക്കടമാസത്തിലെദ്ദീനമാം പ്രദോഷത്തെ:

പോയാണ്ടീ നേരത്തല്ലോ ഞെട്ടറ്റു കൊഴിഞ്ഞൂ നീ
മാമകകർമ്മത്തിന്റെ കടിഞ്ഞൂൽപ്പെൺപൂമൊട്ടേ!

ഓരടി മണ്ണിൽച്ചേർത്തൂ വെയിലും കാറ്റും മഞ്ഞും
മാരിയും ത്വൽഭസ്മാവശിഷ്ടത്തെപ്പോലും, പക്ഷേ,

നിത്യമാമനിർവ്വാച്യസർഗ്ഗസൗഭാഗ്യംപോലെ
നിൽപ്പൂണ്ടിന്നൊരോണപ്പൂച്ചെടിയാ ശ്മശാനത്തിൽ.

അതിലേ കാൺമൂ നിന്റെ മാംസളാകാരം ഞാനി–
ന്ന,തിലേ കേൾപ്പൂ നിന്റെ മധുരസ്വരവും ഞാൻ.

2

കൽകളിലിടറും കാൽവിരലോടെത്തീടുന്നൂ
കാറ്റിലെക്കരിയിലപോലെ ഞാൻ ചിതാഭൂവിൽ.

ഓണപ്പൂച്ചെടിയുടെ മന്ദമാം ചാഞ്ചാട്ടത്തി–
ലോമനക്കുഞ്ഞേ, നിന്റെ സമ്പർക്കം സ്വദിപ്പൂ ഞാൻ.

എഴുതിക്കാണുന്നുമുണ്ടപ്പൊഴേയ്ക്കൂറിക്കൂടും
മിഴിനീർക്കണത്തിലി,സ്സംഭവസമുദ്രത്തെ!

ജാതകർമ്മാർത്ഥം നിന്നെക്കൈയേറ്റ മുഹൂർത്തത്തിൽ
മെയ് തളർന്നൂ നിന്നച്ഛന്നോമനേ, സന്തോഷത്താൽ!

ഈ മകളെനിക്കുള്ള മകളാണി,വളാലി–
ബ്ഭൂമിയിലെന്നെന്നേയ്ക്കും നിലനിൽക്കുമെൻ വംശം!

ഉടനൂറിയ ബാഷ്പ, മന്നു നീ നുണച്ചുണ്ട
മധുപർക്കത്തിൽത്തന്നെ വീണതില്ലെന്നാർ കണ്ടൂ?

ഒന്നു ചുംബിച്ചാലെന്തീച്ചോരപ്പൂങ്കവിളത്തെ–
ന്നുന്നിദ്രം കുതറീടുമന്ധമാം വാത്സല്യത്തെ

'അരുതേ നോവും കുഞ്ഞി'നെന്നൊരു കടിഞ്ഞാണി–
ട്ടടക്കിനിർത്തീ ഞാനത്തുടിക്കും ദിനങ്ങളിൽ.

ഒടുവിലയ്യോ മഞ്ഞു കട്ടപോലായിത്തീർന്നോ–
രുടലും ചുമന്നു ഞാനീ സ്ഥലത്തണഞ്ഞപ്പോൾ,

ഒരു നാഴികക്കുള്ളിൽക്കേവലം ചാരം നിന്റെ–
യരുമക്കുഞ്ഞെന്നാരോ നിശ്ശബ്ദമാക്രോശിക്കെ,

അധരം വിറകൊണ്ടു, കുനിഞ്ഞൂ മുഖം, തീരാ–
ക്കൊതിയാം ചുഴലിക്കാറ്റടിച്ചൂ ഹൃല്ലോകത്തിൽ.

എങ്കിലും മുകർന്നീല നിന്നെ ഞാനന്നും, മറി–
ച്ചന്ധനായ്ക്കണ്ണും നിറഞ്ഞങ്ങനെ നിന്നേയുള്ളൂ

'പിണത്തെച്ചുംബിച്ചിട്ടെന്തെ'ന്നൊരു ദീനാക്രന്ദം
ഫണവും പൊക്കിച്ചീറ്റിച്ചാടിയ നടുക്കത്തിൽ!

3

ഒരു വത്സരം പോയീ; ഞാനിന്നീച്ചിതാഭൂവി–
ലുരുകും സ്മൃതി തേട്ടി നിശ്ചലം നിലക്കൊൾകെ,

മധുരമോണപ്പൂവിൻ സൗരഭം നുകരുമ്പോൾ
കുതികൊള്ളുന്നൂ വാഞ്ഛ പിന്നെയും കരുത്തോടെ.

പതിഞ്ഞീടുന്നൂ മെല്ലെമെല്ലെയീപ്പുഷ്പത്തിൻ പ–
ട്ടിതളിലധരം; ഞാൻ മറ്റെന്തും മറക്കുന്നു.

മരണം മിഥ്യാഭ്രമം; എന്റെ കൺ തുറപ്പിച്ച
മകളേ, കൃതജ്ഞത ചൊൽവു ഞാൻ കണ്ണീരോടെ.

# ആകാശത്തിന്റെ മക്കൾ

തുടങ്ങീലവസാനിപ്പീ–
ലെന്ന വിസ്മയജന്മമേ,

മലരും കണ്ണിനെപ്പുൽകും
നിത്യനീലശരീരമേ,

നിന്റെ ശുഭ്രദുകൂലംപോ–
ലുലയുന്ന ദിനപ്രഭ

മുഷിയുന്നൂ, വിഴുപ്പൂരി
വീണ്ടും കോടി ധരിപ്പു നീ.

നിന്റെ പട്ടുത്തരീയത്തി–
ന്നിരു കോന്തല പോലവേ

തിളങ്ങുന്നൂ വിഭാതാസ്ത–
വർണ്ണവും നിത്യനൂതനം.

മന്ദാക്ഷമധുരം നിൻ പാൽ–
ച്ചിരിപോലെ നിലാവൊളി

ചരാചരങ്ങളിൽക്കോരി–
ത്തുളിപ്പൂ ലയമിന്നുമേ.

ഇന്നും ദ്യുമണി നിൻ സ്വർണ്ണ–
കിരീടംപോലപാംസുലം;

ഇന്നും വിധു വിചിത്രം നിൻ
ചന്ദനക്കുറി മാതിരി;

ഇന്നും നവീനം നിൻ മുത്തു–
മാലപോലുഡുരാശിയും

കിഴിയും നിന്നരഞ്ഞാണം–
പോലെയാകാശഗംഗയും.

കുലീനമായ് സ്സുഭഗമായ്,
സ്വച്ഛമായ്,സ്സുഗഭീരമായ്

ദിനകൃത്യം നിർവ്വഹിക്കു–
മാത്മവത്സലനല്ലി നീ!

നിലപ്പീലപ്പൊഴും പക്ഷേ

നിന്റെ മോഹനനർത്തനം:

അറിവൂ ഞങ്ങൾ നിൻ പാദ–
സ്പന്ദനം ഹൃദയങ്ങളിൽ

ൗൗൗ
മഹാബലസുനാമാവേ,
നിന്റെ ശാശ്വതനർത്തനം

താളവട്ടം തോറുമുള്ള
കലാശത്തോടടുക്കവേ,

വാരിവാഹക്കരിഞ്ചായൽ–
ച്ചുരുളാടിക്കുലുങ്ങവേ,

വെൺമുകിൽത്താമരപ്പൂക്ക–
ളൂർന്നു വാടി നശിക്കവേ,

നിന്റെ വേർപ്പിൻ പൊടികളാം
മാരി പെയ്തു പരക്കവേ,

നിന്റെ ദീർഘശ്വസിതമാം
കാറ്റുദഗ്രമടിക്കവേ,

മൂകതാമധുരം നിന്റെ
മണിവേണൂക്തിവൈഖരി

ജഡാന്തരത്തിലും ജീവ–
സ്സിനെത്തട്ടിയുണർത്തവേ,

പ്രതീചിയിൽ പ്രാചിയിലും
ചക്രവാളതടങ്ങളിൽ

പാതി പൊങ്ങിക്കാണുമാറു
തെളിഞ്ഞും മാഞ്ഞുമങ്ങനെ

മാറിമാറിത്തുടിപ്പൂ നിൻ
നാനാവർണ്ണച്ചിലമ്പുകൾ

മഴവില്ലുകളെന്നെങ്ങ–
ളോതും കാന്തിത്തിടമ്പുകൾ.

ൗൗൗ
അഹോ, ശരി, ഭവന്നിത്യാ –
ഡംബരപ്രിയകാരണം

അറിവൂ: നീ കൊതിക്കുന്നൂ
കൊടുംവിന മറക്കുവാൻ!

അമേയാനന്ദനിർമ്മഗ്ന–
നാകിലും ദുഃഖിയാണു നീ

നൃത്യനിർമ്മുക്തിയില്ലാത്ത
നിന്നിലെബ്ബന്ദിയല്ലീ നീ?

ഒരിക്കൽ നിൻ തീവ്രതാപ–
മടർന്നുരുകി വീഴവേ

അതിന്നുണ്ടായ പേരല്ലോ
‘ഭൂമി’യെന്നതനന്തമേ!

അതുകൊണ്ടോ, പാരിലോരോ
ജീവാത്മാവും നിഗൂഢമായ്

കേണീടുന്നൂ, കണ്ണുനീരിൽ–
ജ്ജലജം വിരിയുംവരെ?

സുഖാസവത്തിന്നു വേണ്ടി–
ദ്ദാഹിക്കും ജീവകോടികൾ

ചിരായാസത്തിനാൽ ജ്ഞാന–
പ്പഴമെത്തിപ്പിടിപ്പതും,

അതിന്റെ രുചിയെപ്പറ്റി–
ക്കരളുച്ചത്തിൽ മൂളവേ

പഴം ഞെക്കിപ്പിഴിഞ്ഞൊറ്റ
വലികൊണ്ടു കുടിപ്പതും,

വ്യർത്ഥമെന്നറിവൂ, രക്ത–
നാഡി നീറി നുറുങ്ങവേ,

പഴച്ചാറിൻ മാരകമാം
വീര്യം കത്തിപ്പിടിക്കവേ.

എന്നാലും ജീവകോടിക്കി–
ല്ലധീരത തരിമ്പുമേ;

നിതാന്തസ്മിതമോടിന്നും
ഘോഷിക്കുന്നൂ മഹോത്സവം!

ഘഘഘ

തുടങ്ങീലവസാനിക്കി
ല്ലെന്ന വിസ്മയജന്മമേ,

മലരും കണ്ണിനെപ്പുൽകും
നിത്യനീലശരീരമേ,

പല നൂറ്റാണ്ടിന്റെ ബാഷ്പ
മുൾക്കൊണ്ടു വികസിച്ചവർ,

നിനക്കൊത്തവിധം മുള്ളിൽ
പ്പുഷ്പമൂതി വിടർത്തുവോർ

നിന്റെയസ്വാതന്ത്ര്യദുഃഖ–
പരിമാണമളക്കുകിൽ,

സഹതാപൗഷധം നിന്റെ
മൗലിയിങ്കൽപ്പൊഴിക്കുകിൽ

അതിലൊട്ടുമഹംഭാവ–
ച്ചുവ കാണേണ്ടതില്ല നീ:

പുലർന്നതാ നിന്നിലല്ലീ
ഞങ്ങൾ, ഞങ്ങളിലല്ലി നീ?

അറിഞ്ഞൂർജ്ജസ്സേൽപ്പു ഞങ്ങൾ –
ഒന്നേ താങ്കളുമെങ്ങളും

പാലിലെപ്പതയെപ്പോലെ,
തീയിലെ ജ്വാലപോലെയും!